പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2070. 19-06-2012 ന് മറുപടിയ്ക്ക്

ഉദുമ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾക്ക് അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. കെ.ബി. ഗണേഷ് കുമാർ. (വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം തടസ്സപ്പെട്ടിരിക്കുന്ന ഉദുമ നിയോജക മണ്ഡലത്തിലെ പ്രവൃത്തികളെ സംബന്ധിച്ച് നൽകിയ ഹർജിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ? | (എ) യും (ബി) യും ഉദുമ നിയോജക മണ്ഡലത്തിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് സമർപ്പിച്ച ഹർജിയിന്മേൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉദുമ നിയോജക മണ്ഡലത്തിലെ ദേലമ്പാടി പഞ്ചായത്തിലെ വൈദ്യുതീകരണത്തിന് വനഭൂമി ഉപയോഗിക്കുന്നതിന് 1980 ലെ വനസംരക്ഷണ നിയമ പ്രകാരമുള്ള അനുമതിക്കായി യൂസർ ഏജൻസിയായ കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ കാസർഗോഡ് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത |

...2

പ്രൊപ്പോസലിലെ അപാകതകൾ പരിഹരിച്ച്
വീണ്ടും സമർപ്പിക്കുന്നതിന് കണ്ണൂർ
ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ്
എഞ്ചിനീയറെ അറിയിച്ചിട്ടുള്ളതാണ്.
ടി അപാകതകൾ പരിഹരിച്ച് പ്രൊപ്പോസൽ
ഇതുവരെ വനം വകുപ്പിന് ലഭിച്ചിട്ടില്ല.
7.5.2012 ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷത
യിൽ ഒരു യോഗം ചേരുകയും ടി യോഗ
നടപടി അനുസരിച്ച് ഇലക്ട്രിക് ലൈൻ
വലിക്കുന്ന തിന് ഏറ്റവും കുറച്ച് വനഭൂമി
ഉപയോഗിക്കേണ്ട വിധത്തിൽ പുതുക്കിയ
പ്രൊപ്പോസൽ നൽകാമെന്ന് കെ.എസ്.
ഇ.ബി. അധികൃതർ അറിയിക്കുക യുണ്ടായി.
കെ.എസ്.ഇ. ബി- യിൽ നിന്നും സർവ്വേ
പൂർത്തീകരിച്ച് പുതുക്കിയ പ്രൊപ്പോസൽ
ഇതുവരെ വനം വകുപ്പിന് ലഭിച്ചിട്ടില്ല.

ഹർജിയിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം
പരപ്പ-മയ്യള ഫോറസ്റ്റ് റോഡ് സോളിംഗ്

.....3

നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

അടൂർ - ചാമക്കൊച്ചി റോഡിന്റെ പുനരുദ്ധാരണത്തിന് 1980 ലെ വന സംരക്ഷണ നിയമ പ്രകാരം വനഭൂമി വിട്ടു നല്കുന്നതിന് യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിൽ നിന്നും നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ഇതുവരെ വനം വകുപ്പിന് ലഭിച്ചിട്ടില്ല.

കാസർഗോഡ് റെയിഞ്ചിൽപ്പെട്ടതായ പാണ്ടി - അർത്ത്യ റോഡ്, പള്ളഞ്ചി - മലാങ്കടപ്പ് റോഡ് എന്നിവയിലെ ഫോറസ്റ്റ് ഏരിയായിലെ ഭാഗം ടാർ ചെയ്യുന്നതിന് 1980 ലെ വനസംരക്ഷണ നിയമ പ്രകാരം നിശ്ചിത ഫോറത്തിലുള്ള അപേക്ഷ യൂസർ ഏജൻസിയായ പൊതു മരാമത്ത് വകുപ്പിൽ നിന്നും വനം വകുപ്പിന് ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാനാകൂ.

സെക്ഷൻ ഓഫീസർ